പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 585 — 10.07. 2012 ൽ മറുപടിയ്ക്ക്

## കമ്പ്യൂട്ടർ ശൃംഖല മുഖാന്തിരം പദ്ധതി അവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണവും പുരോഗതിയും സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം പ്രസ്തുത സംവിധാനത്തിൻ കീഴിൽ പദ്ധതി നിർവ്വഹണവും പുരോഗതിയും സ്ഥിരമായി വിലയിരുത്തി വരുന്നുണ്ട്; വിശദമാക്കാമോ; | ബി) സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് പദ്ധതി നിർവ്വഹണവും പുരോഗതിയും സ്ഥിരമായി വിലയിരുത്തുന്നുണ്ട്. 'സുലേഖ'സോഫ്റ്റ്‌വെയറിൽ പദ്ധതികളുടെ ഓരോ മാസത്തെയും ചെലവ് പുരോഗതിയും, ഭൗതിക പുരോഗതിയും തയ്യാറാക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള സംവിധാനമുണ്ട്. ഇതിലൂടെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പദ്ധതി പുരോഗതി സർക്കാരിന് സമർപ്പിച്ചു വരുന്നുണ്ട്. പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങൾ സുലേഖ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നിർബന്ധമായും നിർവ്വഹിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുമുണ്ട്. |

സി) പ്രസ്തുത സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; ഇപ്പോൾ ഈ രംഗത്ത് ഐ.കെ.എം. നിർവഹിച്ചു പോരുന്ന പങ്ക് എന്താണെന്ന് വിശദമാക്കുമോ ?

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മുതൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി 'സുലേഖ' സോഫ്റ്റ്‌വെയറിൽ നിദാനമായ ഘടകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആസൂത്രണ മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും അനുസരിച്ച് പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവിധഘട്ടങ്ങൾ വെബ് അധിഷ്ഠിതമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തന കമ്മിറ്റികൾ മുതൽ പദ്ധതി മോണിട്ടറിംഗ് വരെയുള്ള വിവിധ ഘട്ടങ്ങൾ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

http://plan.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും പ്രോജക്ടുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും സാങ്കേതിക സഹായം നൽകുന്നതിനും സംസ്ഥാനതല ഹെൽപ് ഡെസ്ക് ഇൻഫർമേഷൻ കേരള മിഷനിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ സാമ്പത്തിക വർഷത്തേയും സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നതിനും പദ്ധതി കണക്കുകൾ ശേഖരിക്കുന്നതിനും വേണ്ടി വിവിധതരം റിപ്പോർട്ടുകൾ ജില്ലാ-സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് ഇൻഫർ മേഷൻ കേരള മിഷനാണ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, പ്ലാനിംഗ് ഓഫീസുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് ലഭ്യമാക്കിവരുന്നത്.

പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്നതിന് സംസ്ഥാന തലത്തിലും തദ്ദേശഭരണ സ്ഥാപന തലത്തിലും ജില്ലാ പ്ലാനിംഗ് ഓഫീസ് തലത്തിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഇൻഫർമേഷൻ കേരള മിഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ